പി.എം.ജി.എസ്.വൈ. പദ്ധതി

13 (7310) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 5 മുതൽ 7 ഘട്ടങ്ങൾവരെ കുട്ടനാട്ടിൽ അനുവദിച്ചിരുന്ന 11 നിർമ്മാണപ്രവൃത്തികൾ ലാപ്സായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കുട്ടനാട്ടിൽ അനുവദിച്ച 5 മുതൽ 7 വരെയുള്ള ഘട്ടങ്ങളിലെ റോഡ് പ്രവൃത്തികളിൽ ഏഴാം ഘട്ടത്തിൽപ്പെട്ട 9 റോഡ് പ്രവൃത്തികൾ ലാപ്സ് ആയിട്ടുണ്ട്. അഞ്ചാം ഘട്ടത്തിലെ 2 പ്രവൃത്തികൾക്ക് പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും പണികൾ ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിട്ടില്ല.

(ബി) കുട്ടനാട് പ്രദേശം ഉൾപ്പെടുന്ന ആലപ്പുഴയിൽ ഒന്നാകെ റോഡ് പണികൾക്കുള്ള ഗ്രാവൽ മണ്ണ്, പാറ, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമീപ ജില്ലകളിൽനിന്നുപോലും കൊണ്ടുവരേണ്ടതായുണ്ട്. സാധന സാമഗ്രികളുടെ കുറവും അവയ്ക്ക് നൽകുന്ന നിരക്ക് സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകൾ നൽകുന്നതിനേക്കാൾ കുറവായതും കാരണമാണ് പണികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാതിരുന്നത്. സ്വകാര്യ മടകളിൽ (ക്വാറികൾ) നിന്നും എടുക്കുന്ന മണ്ണിന് വില നൽകാൻ എസ്റ്റിമേറ്റിൽ വ്യവസ്ഥ ഇല്ലാത്തതും മറ്റൊരു കാരണമാണ്.

(സി) നിലവിൽ പി.എം.ജി.എസ്.വൈ. പ്രകാരം അനുവദിച്ച റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അവയുടെ എസ്റ്റിമേറ്റുകൾ 2013-ലെ തദ്ദേശ വിപണി നിരക്കിനെ (LMR) അടിസ്ഥാനമാക്കി പി.എം.ജി.എസ്.വൈ. SOR തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

പി.എം.ജി.എസ്.വൈ. പദ്ധതി

14 (7311) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽമാത്രം 5573.5 ലക്ഷം രൂപയുടെ പ്രവൃത്തികൾ ലാപ്സായ സാഹചര്യത്തിൽ നിരക്കുകൾ പുതുക്കിയോ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തിയോ റോഡ് നിർമ്മാണം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ 22 പ്രവൃത്തികൾക്ക് ടെൻഡർ വിളിച്ചിട്ട് എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തുവെന്ന് വിശദമാക്കാമോ ;

(സി) അധികരിച്ച നിരക്ക് അനുവദിച്ചിട്ടും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ;

(ഡി) എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ഐ.റ്റി.സി.-കോടമ്പനാടി, നീലംപേരൂർ-പൈറ്റുപാക്ക ശ്മശാനം, വെളിയനാട് എൽ.പി.എസ്.-കപ്പോള, കുമരംകരി-കുന്നംകരി എന്നീ റോഡുനിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ പി.എം.ജി.എസ്.വൈ. പ്രകാരം കരാർ ഉറപ്പിക്കാൻ കഴിയാത്ത റോഡുകൾ 2013-ലെ PMGSY Schedule of rate (LMR) അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നത് പരിഗണനയിലാണ്.

(ബി) പി.എം.ജി.എസ്.വൈ. എട്ടാം ഘട്ടത്തിൽ ഒന്നാം ബാച്ചിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ച ആലപ്പുഴ ജില്ലയിലെ 21 പ്രവൃത്തികൾക്ക് 5 തവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

(സി) ഉണ്ട്. കുട്ടനാട് പ്രദേശം ഉൾപ്പെടുന്ന ആലപ്പുഴയിൽ ഒന്നാകെ റോഡ് പണികൾക്കുള്ള ഗ്രാവൽ മണ്ണ്, പാറ, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമീപ ജില്ലകളിൽ നിന്നുപോലും കൊണ്ടുവരേണ്ടതുണ്ട്. സാധന സാമഗ്രികളുടെ കുറവും അവയ്ക്ക് നൽകുന്ന നിരക്ക് സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകൾ നൽകുന്നതിനേക്കാൾ കുറവായതും കാരണമാണ് പണികൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാതിരുന്നത്. സ്വകാര്യ മടകളിൽ (ക്വാറികൾ) നിന്നും എടുക്കുന്ന മണ്ണിന് വില നൽകാൻ എസ്റ്റിമേറ്റിൽ വ്യവസ്ഥ ഇല്ലാത്തതും മറ്റൊരു കാരണമാണ്.

(ഡി) എട്ടാം ഘട്ടത്തിൽ അനുവദിച്ച റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അവയുടെ എസ്റ്റിമേറ്റുകൾ 2013-ലെ തദ്ദേശ വിപണി നിരക്കിനെ (LMR) അടിസ്ഥാനമാക്കി പി.എം.ജി.എസ്.വൈ. SOR തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly